കേരള സർക്കാർ

## സുരക്ഷിതമാക്കാം

# പശ്ചിമഘട്ടം

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ
ശാസ്ത്രീയ നിർണ്ണയവും ജനകീയ വീണ്ടെടുപ്പും

നവ കേരളം കർമപദ്ധതി

KERALA STATE IT MISSION

ദുരന്ത സാധ്യതകൾ കുറച്ച് സുരക്ഷിതമായ വാസം
ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ

# ഇനി ഞാൻ ഒഴുകട്ടെ

മൂന്നാം ഘട്ടം

ലോകമൊട്ടാകെ കാലാവസ്ഥ മാറിമറിയുകയാണ്. കേരളത്തിലെ സ്ഥിതിയും വിഭിന്നമല്ല. 2015–16 ൽ കേരളം നേരിട്ട വരൾച്ച കാലാവസ്ഥാ വ്യതിയാനത്തിന്റെ സൂചകമായിരുന്നു. തുടർന്നു വന്ന ഓഖി ചുഴലിക്കാറ്റ് അതു ശരിവച്ചു. 2018 ലും 2019 ലും അതിവൃഷ്ടിയാണ് കേരളത്തിൽ മിക്കയിടത്തും ഉണ്ടായത്, പശ്ചിമഘട്ട മലനിരകളിൽ പ്രത്യേകിച്ചും. ദിവസങ്ങളോളം മഴപെയ്യുമ്പോഴാണ് മുമ്പൊക്കെ മണ്ണിടിച്ചിലും ഉരുൾപൊട്ടലും പ്രളയവും ഉണ്ടായിരുന്നത്. എന്നാലിപ്പോൾ മിക്കവാറും ഒരൊറ്റ മഴയിൽ– അതിതീവ്ര മഴയാണെങ്കിൽ പ്രത്യേകിച്ചും– ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകുന്ന സ്ഥിതിയാണ്. 2018 ലെ പേമാരിയും ഉരുൾപൊട്ടലും പ്രളയവും ഒട്ടൊന്നുമല്ല കേരള ജനതയെ ദുരിതത്തിലാഴ്ത്തിയത്. മലകൾക്കു താഴെ കടൽ വരെ ശരാശരി 50കി.മീ. മാത്രം ദൈർഘ്യമുള്ള കേരളത്തിന്റെ സമതലങ്ങളും നദീതടങ്ങളും വെള്ളക്കെട്ടുകളായി മാറി. പ്രളയം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും സാരമായി ബാധിച്ചു. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം കേരളീയരുടെ നിലനിൽപിനാധാരമാണെന്ന് 2019 ലെ കവളപ്പാറ ദുരന്തവും 2020 ലെ പെട്ടിമുടി ദുരന്തവുമെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നു. ദുരന്തങ്ങൾ യാഥാർത്ഥ്യമാണ്, ഇനിയും അവ വന്നുകൂടായ്കയില്ല. കവളപ്പാറയും പുത്തുമലയും പെട്ടിമുടിയും കൂട്ടിക്കലും കൊക്കയാറും ദുരന്തഭൂമിയായി മാറിയതുപോലെ ഇനിയൊരു ദേശവും പ്രകൃതിക്ഷോഭത്തിന്റെ ഇരയാവാതിരിക്കാനും ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാനും ശാസ്ത്രീയമായ ഇടപെടലുകൾ അനിവാര്യമാണ്. പശ്ചിമഘട്ട പ്രദേശത്തെ മുഴുവൻ നീർച്ചാൽ ശൃംഖലയും ശാസ്ത്രീയമായി കണ്ടെത്തുകയും ജനകീയമായി അവയെ വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ നമ്മുടെ പശ്ചിമഘട്ട പ്രദേശത്തെ വലിയ അളവിൽ സുരക്ഷിതവാസ യോഗ്യമാക്കി മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷനും റീബിൽഡ് കേരളയും സംസ്ഥാന ഐ.ടി. മിഷന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഈ പദ്ധതി ഇതര പ്രദേശങ്ങൾക്കും മാതൃകയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.





നമ്മുടെ ഋതുഭേദങ്ങൾ നിർണ്ണയിക്കുന്നതിൽ പശ്ചിമഘട്ടത്തിന്റെ പങ്ക് ചെറുതല്ല.
നീണ്ട മഴക്കാലവും വേനൽക്കാലവും പിന്നെ കുറച്ചൊരു തണുപ്പുകാലവുമാണ് നമുക്കുള്ളത്.
കടലിൽ നിന്നും വീശുന്ന നീരാവി നിറഞ്ഞ കാറ്റിനെ തടഞ്ഞുനിർത്തി
കൃത്യമായ ഇടവേളകളിൽ ഇവിടെ മഴ പെയ്യിക്കുന്നത് ഈ മലനിരകളാണ്.
കേരളത്തിന്റെ പച്ചപ്പിലും ജലലഭ്യതയിലും ഫലഭൂയിഷ്ഠതയിലും
പശ്ചിമഘട്ടം നിർണ്ണായക സ്വാധീനമാണ് ചെലുത്തുന്നത്.
സവിശേഷമായൊരു ആവാസ വ്യവസ്ഥയും
സമാനതകളില്ലാത്ത ജൈവവൈവിധ്യവുമാണ് പശ്ചിമഘട്ടത്തിലുള്ളത്.
പ്രകൃതി വിഭവങ്ങളുടെ കലവറയാണിത്.
എത്രകണ്ടാലും കൊതി തീരാത്ത പ്രകൃതി സൗന്ദര്യമാണ്
പശ്ചിമഘട്ട മലനിരകളിൽ ഉടനീളമുള്ളത്.
വിസ്മയകരമായ പ്രകൃതി പാഠങ്ങളാണ്
പശ്ചിമഘട്ടം നമുക്ക് പകർന്നു നൽകുന്നത്.

പുഴകളും നീർച്ചാലുകളും, വെള്ളച്ചാട്ടങ്ങളും,
ട്രക്കിംഗ് കേന്ദ്രങ്ങളും, അപൂർവ്വ സസ്യങ്ങളുടെയും
വന്യജീവികളുടെയും സങ്കേതങ്ങളും എല്ലാം ചേർന്ന്
അനന്തമായ വിനോദ സഞ്ചാര സാധ്യതകളുടെ
കേന്ദ്രം കൂടിയാണ് ഈ മേഖല. ഇവയെല്ലാം
സുസ്ഥിരമായി പ്രയോജനപ്പെടുത്തിയെടുക്കാനും
പ്രദേശവാസികളായ ഇന്നത്തെയും നാളത്തെയും
തലമുറകൾക്ക് ഇവിടെ ഭീതികൂടാതെ ജീവിക്കാനും
ഉപജീവന പ്രവർത്തനങ്ങൾ നടത്താനും സാധിക്കണം.

**നമ്മുടെ ചെറിയ ഇടപെടൽ കൊണ്ട്
വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെങ്കിൽ
അതിന് മടിച്ചുനിൽക്കുന്നതെന്തിന് ?**

# പശ്ചിമഘട്ടം:
# ഭൂപ്രദേശം

കേരളത്തിന്റെ കിഴക്കേ അതിർത്തിയിൽ കോട്ടപോലെ നീണ്ടുകിടക്കുന്ന മലനിരകൾ 1600 കിലോ മീറ്ററിലധികം നീളത്തിലുള്ള പശ്ചിമഘട്ട മലനിരകളുടെ ഭാഗമാണ്. വടക്ക് ഗുജറാത്തിന്റെയും മഹാരാഷ്ട്രയുടേയും അതിർത്തിയിലെ തപ്തി നദിയിൽ നിന്ന് തുടങ്ങി തെക്ക് കന്യാകുമാരി വരെ – ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ– പടിഞ്ഞാറൻ കടൽത്തീരത്തിന് സമാന്തരമായിട്ടാണ് ഈ മലനിരകളുടെ കിടപ്പ്. കേരളത്തിലെ പശ്ചിമഘട്ട മലനിരകളിൽ 30 കിലോമീറ്ററോളം നീളത്തിൽ ഒരു വിടവുണ്ട്. 'പാലക്കാടൻ ചുരം' എന്ന് അറിയപ്പെടുന്ന ഈ വിടവിലൂടെയാണ് കാലവർഷക്കാറ്റ് തമിഴ്നാട്ടിലെത്തുന്നതും വേനൽക്കാലത്ത് ഉഷ്ണക്കാറ്റ് പാലക്കാട് എത്തുന്നതും.

1343 മീറ്റർ ഉയരമുള്ള പൈതൽ മല മുതൽ 2695 മീറ്റർ ഉയരമുള്ള ആനമുടി വരെ വ്യത്യസ്ത ഉയരങ്ങളുള്ള അനേകം കൊടുമുടികളുണ്ട് നമ്മുടെ പശ്ചിമഘട്ടത്തിൽ. പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ ആനമുടി കേരളത്തിലാണ്. പശ്ചിമഘട്ടത്തിന്റെ പഴക്കം 5–9 കോടി വർഷമെന്നാണ് ഗവേഷക മതം. തെക്കുപടിഞ്ഞാറ് ഭാഗത്തുനിന്നെത്തുന്ന മൺസൂൺ കാറ്റിനെ തടഞ്ഞുനിർത്തി കാലവർഷവും കിഴക്കു–വടക്കു ഭാഗത്തുനിന്ന് എത്തുന്ന കാറ്റിൽ നിന്ന് തുലാവർഷവും പെയ്യിക്കുന്നതിൽ ഈ മലനിരകൾക്കുള്ള പങ്ക് വലുതാണ്. കേരളത്തിലെ ജലസമൃദ്ധിക്കു നാം കടപ്പെട്ടിരിക്കുന്നത് പശ്ചിമഘട്ടത്തോടാണ്. നമ്മുടെ നദികൾ ഉത്ഭവിക്കുന്നത് ഇവിടെ നിന്നാണ്. അയൽ സംസ്ഥാനങ്ങളിലെ പ്രമുഖ നദികൾ ഉറവയെടുക്കുന്നതും പശ്ചിമഘട്ട മലനിരകളിൽ നിന്ന് കിനിഞ്ഞിറങ്ങുന്ന വെള്ളം കൊണ്ടാണ്. നാടിന്റെ ജീവനാഡികളായ ഈ നദികൾ ജലസമൃദ്ധമാകുന്നത് അനുബന്ധ നീർച്ചാലുകളിലെയും നീർത്തടങ്ങളിലെയും ജലം കൊണ്ടാണ്. പടിഞ്ഞാറോട്ടും കിഴക്കോട്ടും ഒഴുകുന്ന നദികളുടേയും അനുബന്ധ നീർത്തടങ്ങളുടേയും അതിർത്തി രൂപപ്പെടുത്തുന്ന ഉയർന്ന തലമാണ് പശ്ചിമഘട്ടം.

# പശ്ചിമഘട്ടത്തിലെ നീർച്ചാലുകളുടെ പ്രാധാന്യം

അനേകായിരം വർഷങ്ങൾകൊണ്ട് പ്രകൃത്യാ തന്നെ രൂപപ്പെട്ട അനേകം നീർച്ചാലുകളുടെ ശൃംഖലയാണ് പശ്ചിമഘട്ടത്തിലുള്ളത്. അതത് സ്ഥലങ്ങളിൽ പെയ്തുവീഴുന്ന അധിക ജലത്തെ സുരക്ഷിതമായി ഒഴുകി സമതലങ്ങളിലെത്തുന്നതിന് സഹായിച്ചിരുന്നത് ഈ നീർച്ചാൽ ശൃംഖലയാണ്. എന്നാൽ പല കാരണങ്ങളാൽ ഇവയിൽ പല നീർച്ചാലുകളും അടഞ്ഞ് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും പ്രധാന കാരണങ്ങളിലൊന്ന് നീരൊഴുക്ക് തടസ്സപ്പെട്ട നീർച്ചാലുകളാണ്. ഈ പ്രദേശത്തു പെയ്യുന്ന മഴയുടെ ഒരു ഭാഗം മണ്ണിനടിയിലേക്ക് താഴ്ന്ന് മണ്ണിനടിയിലൂടെയും ശേഷിക്കുന്നത് ഉപരിതലത്തിലെ നീർച്ചാലുകളിലൂടെ പുഴയിലെത്തുകയാണ് വേണ്ടത്. എന്നാൽ അടഞ്ഞുപോയ നീർച്ചാലുകൾ ഈ ജലവഴികളെ തടസ്സപ്പെടുത്തുകയും അതുവഴി മണ്ണിന് വഹിക്കാൻ കഴിയുന്നതിൽ കൂടുതൽ മഴവെള്ളം ഭൂമിക്കടിയിലേക്ക് താഴ്ന്നുപോകാനിടയാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ മണ്ണിന് താങ്ങാവുന്നതിലധികം വെള്ളം മണ്ണിലേക്കൂർന്നിറങ്ങുകയും സമ്മർദ്ദം വർദ്ധിക്കുകയും തുടർന്നും മഴയുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പാറയും മണ്ണുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും പ്രദേശത്തിന്റെ ചരിവിന്റെയും മണ്ണിന്റെ ഘടനയുടേയും സവിശേഷതകൾക്കനുസരിച്ച് ചെറിയ മണ്ണിടിച്ചിൽ മുതൽ വലിയ ഉരുൾപൊട്ടലിന് വരെ കാരണമാവുകയും ചെയ്യുന്നു.

**താങ്ങാവുന്ന അളവ് വെള്ളം മാത്രം മണ്ണിൽ താഴുകയും ബാക്കി മുഴുവനും നീർച്ചാലുകളിലൂടെ ഒഴുകി പുഴകളിലെത്തുകയും ചെയ്താൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും വലിയതോതിൽ കുറയ്ക്കാം.**

# പ്രളയവും അതിതീവ്രമഴകളും
# ഇനി നൂറ്റാണ്ടിലൊരിക്കലല്ല

2018 ൽ അതിതീവ്ര മഴയും മഹാപ്രളയവും സംഭവിച്ചപ്പോൾ നൂറ്റാണ്ടിലെ പ്രളയം എന്നാണ് നമ്മളതിനെ വിശേഷിപ്പിച്ചത്. എന്നാൽ തുടർ വർഷങ്ങളിലും അതിതീവ്ര മഴ ഉണ്ടായതോടെ പ്രളയവും ദുരന്തങ്ങളും എപ്പോഴും സംഭവിക്കാവുന്ന സ്ഥിതിയിലാണ് കേരളമെന്ന് നമ്മൾ തിരിച്ചറിഞ്ഞ് തുടങ്ങുകയായിരുന്നു. 2022 ലെ ലോക കാലാവസ്ഥ ഉച്ചകോടി അടിവരയിട്ട് പറയുന്ന ഒരു കാര്യം ഇന്ത്യയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ അപ്രതീക്ഷിതമായ അതിതീവ്ര മഴകൾ വരും വർഷങ്ങളിലും ഉണ്ടാകുമെന്നാണ്. ഇത്തരത്തിലുള്ള കാലാവസ്ഥാ മാറ്റം ഏറ്റവും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിലൊന്നായി നമ്മുടെ പശ്ചിമഘട്ടത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇതിനു പരിഹാരം കാണാതെ നമുക്ക് മുന്നോട്ടുപോകാനാവില്ല.

## പരിഹാരം എങ്ങനെയെല്ലാം

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭങ്ങൾക്ക് കാരണമാണെന്നത് നിസ്തർക്കമാണ്. പക്ഷേ ഒന്നു മനസു വച്ചാൽ പശ്ചിമഘട്ട പ്രദേശങ്ങളിലെ ഉരുൾപൊട്ടലും മണ്ണിടിച്ചിലും പോലുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനാവും, ഒരു പരിധി വരെ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനുമാകും. മഴവെള്ളത്തെ മെരുക്കാൻ പര്യാപ്തമായ നീർച്ചാൽ ശൃംഖല ഉണ്ടാക്കലാണ് ഇവിടെ ഏറ്റവും പ്രധാനം.

- **അടഞ്ഞുപോയ ജലവഴികൾ തുറക്കാം.**
- **നീർച്ചാലുകളിലൂടെ സുഗമമായ നീരൊഴുക്ക് സാധ്യമാക്കാം.**
- **നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കാം.**






എത്ര മഴ പെയ്താലും അധികമായി എത്തുന്ന ജലം
തുറന്നു കിടക്കുന്ന ജലനിർഗ്ഗമന മാർഗ്ഗങ്ങളിലൂടെ
പുഴകളിലെത്തട്ടെ.
നദികളിലൂടെ ജലം താഴ്വരകളിലും സമതലങ്ങളിലുമെത്തി
കാർഷിക സമൃദ്ധിയ്ക്ക് വഴിയൊരുങ്ങട്ടെ.
ഈ കൃത്യ നിർവഹണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.
സംസ്ഥാനത്തെ പുഴകൾക്ക് പുതുജീവനേകി, നീർത്തടങ്ങളും
നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധി ഉറപ്പാക്കി
ഹരിതകേരളം മിഷൻ നടപ്പിലാക്കിയ 'ഇനി ഞാനൊഴുകട്ടെ'
പദ്ധതിയുടെ മൂന്നാംഘട്ടം പശ്ചിമഘട്ട പ്രദേശത്തെ
നീർച്ചാൽ ശൃംഖലകളുടെ വീണ്ടെടുപ്പിലാണ് ലക്ഷ്യം വയ്ക്കുന്നത്.
സുരക്ഷിതമാക്കാം
പശ്ചിമഘട്ടം
എന്ന ഈ കാമ്പയിൻ
നമുക്കൊന്നിച്ച് വിജയിപ്പിക്കാം.

# നിർവഹണ രീതി



പരിസ്ഥിതിയുടേയും വികസനത്തിന്റേയും പേരിൽ പശ്ചിമഘട്ടവും പ്രദേശവാസികളും ഭീഷണി നേരിടുന്നുവെന്നൊരു സന്ദേഹം പരക്കെ ഉണ്ടല്ലോ. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ദുരന്തങ്ങളുടേയും സാഹചര്യത്തിൽ ഈ സന്ദേഹത്തിന് ആക്കം കൂടിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിൻ പ്രസക്തമാകുന്നത്. ഇവിടെ ജനിച്ചു വളർന്നവർക്ക് ഇവിടെത്തന്നെ തുടർന്നും ജീവിക്കാനും ഉപജീവന പ്രവർത്തനങ്ങൾ നടത്താനും കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം എന്നതാണ് ഈ കാമ്പയിൻ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്. 230 ഗ്രാമപഞ്ചായത്തുകളിലായി 46531.63 കി.മീ. നീളത്തിലുള്ള നീർച്ചാൽ ശൃംഖലകളിൽ തടസ്സം നേരിടുന്ന സ്ഥലങ്ങളിലെ നീരൊഴുക്ക് പുനസ്ഥാപിക്കാൻ ഈ യജ്ഞത്തിലൂടെ സാധിക്കും.

**ഇവിടെ ജനിച്ചു ജീവിച്ചു വളർന്നവർ ഇവിടെത്തന്നെ തുടർന്നും ജീവിക്കും. അല്ലെങ്കിൽ തന്നെ 230 ഗ്രാമപഞ്ചായത്തുകളിലായുള്ള അൻപതു ലക്ഷത്തോളം പേർ സ്ഥല പരിമിതി നേരിടുന്ന കേരളത്തിൽ മറ്റെവിടെ മാറിപ്പോയി പാർക്കാനാണ്?**



# രീതിശാസ്ത്രം

നീർച്ചാൽ ശൃംഖല കണ്ടെത്തി വീണ്ടെടുക്കുന്നതിന് ഒരു രീതിശാസ്ത്രം ഹരിതകേരളം മിഷനും സംസ്ഥാന ഐ.ടി. മിഷനും ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്. അടഞ്ഞു പോയതും നശിച്ചു പോയതുമായ നീർച്ചാലുകളെ നേരിട്ട് കണ്ടെത്തി ഭൂപടത്തിൽ അടയാളപ്പെടുത്തുകയാണ് ഇതിന്റെ ആദ്യപടി. വിവര സാങ്കേതിക വിദ്യയുടെ ആധുനിക പ്രവണതകളെ അടിസ്ഥാനമാക്കി  മൊബൈൽ അപ്ലിക്കേഷനും, കമ്പ്യൂട്ടർ സോഫ്ട്‌വെയറും ഉപയോഗിച്ച് ചെയ്യുന്ന മാപ്പിംഗ് പ്രക്രിയയാണിത്. നീർച്ചാലുകളുടെ ഓരത്തുകൂടി നടന്ന് നിലവിലെ സ്ഥിതി നേരിട്ട് ബോധ്യപ്പെട്ടാണ് ചെയ്യുന്നത്. നശിച്ചുപോയ ജലവഴികളും അടഞ്ഞുപോയ നീർച്ചാലുകളും കണ്ടുപിടിക്കാൻ ഈ നീർച്ചാൽ നടത്തം സഹായകമാവും. തുടർന്ന് പൊതുജന പങ്കാളിത്തത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ, വിവിധ വകുപ്പുകൾ, സന്നദ്ധപ്രവർത്തകർ എന്നിവയുടെ ഏകോപനത്തോടെ നീർച്ചാലുകളുടെ ശുചീകരണവും വീണ്ടെടുപ്പും സാധ്യമാക്കുകയാണ് രീതി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് ഈ യജ്ഞം യാഥാർത്ഥ്യമാക്കാൻ മുന്നിൽ നിൽക്കുന്നത്.  നീർച്ചാലുകളിലൂടെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കി കഴിഞ്ഞാൽ പിന്നെ എത്ര തീവ്രമഴ പെയ്താലും ഭൂമിയിലേക്കിറങ്ങിയ ശേഷമുള്ള അധിക ജലം ഒഴുകി പോകുകയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യതകൾ ഗണ്യമായി കുറയുകയും ചെയ്യും.

**നമുക്ക് മുന്നേറാം ഇവിടെ ജീവിച്ചുതന്നെ.**

പശ്ചിമഘട്ട സംരക്ഷണവും പ്രദേശവാസികളുടെ ക്ഷേമവും നാമോരോരുത്തരുടെയും കടമയാണ്. ഇവിടുത്തെ ആവാസ വ്യവസ്ഥയും ജൈവ വൈവിധ്യവും നമ്മുടെ സമ്പത്താണ്. അക്ഷയമായി അതു നിലനിർത്തേണ്ടത് പ്രകൃതിയോടു പുലർത്തുന്ന നീതിയാണ്. പശ്ചിമഘട്ടത്തിനു നാശമുണ്ടായാലുണ്ടാകുന്ന കെടുതികൾ സങ്കൽപങ്ങൾക്കുമതീതമാണ്. അതുണ്ടാകാതിരിക്കാൻ കരുതലോടെയാവണം ഇനിയുള്ള ചുവടുവയ്പുകൾ.
വറ്റാത്ത നദികളാണ് നമുക്ക് വേണ്ടത്,
ഒപ്പം ഭൂഗർഭ ജലനിരപ്പ് താഴാതെ നിലനിർത്തുകയും വേണം.
അതിനാൽ നീർച്ചാൽ സംരക്ഷണം അത്യന്താപേക്ഷിതമാണ്.
കേരളത്തിന്റെ വിനോദ സഞ്ചാരമേഖലയ്ക്ക് പ്രകൃതിക്ഷോഭംമൂലം കോട്ടം തട്ടുന്നത് ഈ മേഖലയെ തളർത്തും. മങ്ങിയ പ്രകൃതി ഭംഗിയും വെള്ളമില്ലാത്ത പുഴകളും വിനോദ സഞ്ചാര മേഖലയേയും ടൂറിസം അടിസ്ഥാനമാക്കിയുള്ള ഉപജീവനത്തേയും പ്രതികൂലമായി ബാധിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ദോഷഫലങ്ങളെ പ്രതിരോധിക്കാൻ ആസൂത്രിതമായ പദ്ധതികൾ നമുക്കാവശ്യമാണ്. ആ ദിശയിലേക്കുള്ള ചുവടുവയ്പാണിത്. ഉപജീവനം സംരക്ഷിച്ച് പ്രദേശവാസികൾക്ക് സുരക്ഷിതവാസം ഉറപ്പാക്കുകയാണ് ലക്ഷ്യം.


ദുരന്തങ്ങളൊഴിവാക്കാനും
ദുരന്തപ്രതിരോധത്തിനും
പ്രാപ്തിനേടിയ
ഒരു നവകേരളം
നമുക്ക് പടുത്തുയർത്താം.
നവ കേരളം
കർമപദ്ധതി